കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# തേഞ്ഞിപ്പലം ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2016-17

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.14/1607/2017 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,

മലപ്പുറം

തിയ്യതി

31-07-2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

തേഞ്ഞിപ്പലം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : തേഞ്ഞിപ്പലം ഗ്രാമപഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തേഞ്ഞിപ്പലം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ എയിംസ് സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായി ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.

3)കാര്യാലയ പകർപ്പ്.

നം. കെ.എസ്.എ.എം.പി.എം.14/1607/2017 തിയ്യതി: 31-07-2017

മലപ്പുറം ജില്ലയിലെ തേഞ്ഞിപ്പലം ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

മലപ്പുറം ജില്ലയിലെ തേഞ്ഞിപ്പലം ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 17-11-2016 മുതൽ 25-06-2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

-------------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. എ എസ് ഷാജഹാൻ , ഡെപ്യൂട്ടി ഡയറക്ടർ

-------------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 27-06-2017 മുതൽ 07-07-2017 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. ദിനേശൻ.എം | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി. ടി.പി സൽമത്ത് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. ആലസ്സൻകുട്ടി.യു | ഓഡിറ്റർ |

നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി.സഫിയ റസാഖ് തോട്ടത്തിൽ | 01.04.2016 മുതൽ 31.03.2017വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീമതി.ബിസിലി ബിന്ദു (സെക്രട്ടറി ഇൻ ചാർജ്) | 01.04.2016 മുതൽ 27.07.2016 വരെ |

| | |
|---|---|
| ശ്രീമതി.സൽമാബീവി | 28.07.2016 മുതൽ 05.02.2017 വരെ |
| ശ്രീമതി.ഗീത.വി.എസ് (സെക്രട്ടറി ഇൻ ചാർജ്) | 06.02.2017 മുതൽ 19.02.2017 വരെ |
| ശ്രീ.സാമുവൽ.പിസി. | 20.02.2017 മുതൽ 20.03.2017 വരെ |
| ശ്രീമതി.ഗീത.വി.എസ് (സെക്രട്ടറി ഇൻ ചാർജ്) | 21.03.2017 മുതൽ31.03.2017 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.ബിസിലി ബിന്ദു | 01.04.2016 മുതൽ<br>31.12.2016 വരെ |
| | ശ്രീമതി.ഗീത.വി.എസ് | 10.01.2017 മുതൽ<br>31.03.2017 വരെ<br>(01.01.2017മുതൽ<br>09.01.2017വരെ ഒഴിവ്) |
| അസി. എഞ്ചിനിയർ | ശ്രീ. പി.ജി.രാജപ്പൻ | 01.04.2016 മുതൽ<br>13.07.2016 FN വരെ |
| | ശ്രീ.നന്ദകുമാർ.പി | 13.07.2016 AN മുതൽ<br>31.03.2017 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.ലത.കെ.പി | 01.04.2016 മുതൽ<br>26.10. 2016 വരെ |
| | ശ്രീ.രജീഷ്.സി.കെ | 27.10.2016 മുതൽ<br>19.11.2016 വരെ |
| | ശ്രീമതി.ശാലിനി.കെ | 20.11.2016 മുതൽ<br>31.03.2017 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.സഫീറ.സി.പി | 01.04.2016 മുതൽ 31.03.2017 വരെ |

| | | |
|---|---|---|
| വെറ്ററിനറി സർജൻ | ഡോ. രജിതാ ജോസഫ് | 01.04.2016 മുതൽ 12.12.2016 വരെ |
| | ഡോ.സോണി ഡേവി | 13.12.2016 മുതൽ 12.01.2017വരെ |
| | ഡോ.ജനീഷ.പി.മുഹമ്മദ് | 13.01.2017മുതൽ 19.01.2017വരെ |
| | ഡോ. രമ്യാരവീന്ദ്രൻ | 20.01.2017 മുതൽ 31.03.2017 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.അമ്മുണ്ണി. | 01.04.2016 മുതൽ 31.03.2017 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീമതി.ഉഷാദേവി | 01.04.2016 മുതൽ 31.03.2017വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.ഈസ്സ അരീക്കാടൻ | 01.04.2016 മുതൽ 03.01.2017 വരെ |
| | ഡോ. ജഹാന.ടി | 04.01.2017 മുതൽ 03.02.2017 വരെ |
| | ഡോ. സരിത.വി | 04.02.2017 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ഉണ്ണികൃഷ്ണൻ.വി.കെ | 01.04.2016 മുതൽ 30.11.2016 വരെ |
| | ഡോ. ഷീജ.ജി | 01.12.2016 മുതൽ 09.01.2017 വരെ |
| | ഡോ.സൈറാബായി.കെ.ജെ | 10.01.2017 മുതൽ 31.03.2017വരെ |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | ശ്രീമതി. സജിനി.ഒ | 01.04.2016 മുതൽ 09.12.2016FN വരെ |
| | ശ്രീ.വി.പി.ഹംസ | 09.12.2016AN മുതൽ 17.01.2017 FNവരെ |
| | ശ്രീ.ജിപിൻ.ജി.പി | 17.01.2017AN മുതൽ 31.03.2017വരെ |

ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| ഭാഗം I<br>പൊതു അവലോകനം | | | |

| | | | |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമ പദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തര നിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| ഭാഗം II<br>വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 12 | ടെലിക്കമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തു നികുതി ഈടാക്കിയില്ല. | 2-1 | |
| 13 | ബിൽഡിംഗ് പെർമിറ്റ് ഫീസ് പിരിവ് അപാകതകൾ | 2-2 | |
| 14 | തൊഴിൽ നികുതി പിരിവ് അപാകതകൾ | 2-3 | |
| 15 | വാടക ഈടാക്കിയില്ല. | 2-4 | |
| ഭാഗം III<br>ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 16 | കണ്ണാരി പാറക്കടവ് റോഡ് ടാറിംഗ് - അധിക നിരക്ക് അനുവദിച്ചതും, ആദായ നികുതി പിടിക്കാത്തതും സംബന്ധിച്ച്. | 3-1 | |
| 17 | ചുള്ളോട്ട് പറമ്പ് കുടിവെള്ള പദ്ധതി - ദീർഘ വീക്ഷണമില്ലാതെ പ്രൊജക്ട് നടപ്പാക്കി | 3-2 | |
| 18 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 3-3 | |
| 19 | പരിരക്ഷാ പദ്ധതി - ഡ്രൈവർക്ക് വേതനം അനുവദിക്കുന്നത് ക്രമപ്രകാരമല്ല | 3-4 | |
| 20 | PHCയിലേക്ക് മരുന്നുകൾ - ലഭ്യതാ വിവരം അറിയിക്കേണ്ടതാണ്. | 3-5 | |
| 21 | ഖര മാലിന്യ സംസ്കരണം - മാർഗ നിർദ്ദേശം പാലിച്ചില്ല | 3-6 | |
| 22 | സ്ട്രീറ്റ് ലൈറ്റ് റിപ്പയർ - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 3-7 | |
| 23 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകിയത് - ന്യൂനതകൾ സംബന്ധിച്ച്. | 3-8 | |
| 24 | സ്കൂളുകൾക്ക് ഷീ പാഡ് നൽകൽ - അപാകതകൾ സംബന്ധിച്ച് | 3-9 | |

| | | | |
|---|---|---|---|
| 25 | പത്താം ക്ലാസ് തുല്യത – പ്രൊജക്ട് നിർവ്വഹണത്തിലെ ന്യൂനതകൾ | 3-10 | |
| 26 | ഗൃഹ നിർമ്മാണ ധനസഹായ ഗഡുക്കൾ അനുവദിക്കുന്നതിൽ വൻ കാലതാമസം വന്നു. | 3-11 | |
| 27 | ഗൃഹനിർമ്മാണ പ്രൊജക്ടുകൾ പൂർത്തിയാക്കാൻ അവശേഷിക്കുന്നു. | 3-12 | |
| 28 | മരുന്ന് ലഭ്യമാക്കിയില്ല | 3-13 | |
| 29 | വാങ്ങിയതിലും അധികം ബിറ്റുമിൻ ഉപയോഗിച്ചത് സംബന്ധിച്ച്. | 3-14 | |
| ഭാഗം IV<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | | |
| 39 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 40 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 41 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 42 | വായ്പ /വായ്പ തിരിച്ചടവ് | 4-4 | |
| 43 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 44 | ഓഡിറ്റ് റിക്കവറി | 4-6 | |
| 45 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 46 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 47 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| അനുബന്ധം | | | |
| 48 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1 | |
| 49 | Audit Certificate | 2 | |
| 50 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട് | 3 | |
| 51 | റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട് | 4 | |
| 52 | ബാലൻസ് ഷീറ്റ് | 5 | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 സാമ്പത്തിക വർഷത്തെ ബജറ്റ് 27-02-2016 ലെ 2-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31/07/2017 | 4/06/2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 30-06-2017 മുതൽ 1-07-17 വരെ | ഓഡിറ്റ് റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട് |

വാർഷികക്കണക്കിൻമേൽ നടത്തിയ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

1)വാർഷിക ധനകാര്യ പത്രികയിൽ 2011ലെ കേരള പഞ്ചായത്ത്‌രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 62ൽ 2(ഇ) പ്രകാരമുള്ള കുറിപ്പുകൾ തയ്യാറാക്കിയിട്ടില്ല.

2)വാർഷിക ധനകാര്യ പത്രികയിൽ 2011ലെ കേരള പഞ്ചായത്ത്‌രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 62ൽ 3 പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ ഉൾപ്പെടുത്തിയിട്ടില്ല.

3)എല്ലാ ആസ്തികളും ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

4)ഗ്രാമ പഞ്ചായത്തിനു പിരിഞ്ഞു കിട്ടാനുള്ളതും ലഭ്യത സംശയാസ്പദവുമായ തുകക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.
5).വർഷങ്ങളായി ഇടപാടുകൾ നടത്താത്ത SSA, ജലനിധി, ആശ്രയ (കനറ ബാങ്ക്, MDC ബാങ്ക്) എന്നീ അക്കൗണ്ടുകൾ ക്ലോസ് ചെയ്തിട്ടില്ല.

6)2015-16 വർഷ AFS പരിശോധനയിൽ സൂചിപ്പിച്ച ക്രമ നമ്പർ 1 മുതൽ 5 കൂടിയ അപാകതകൾ ഇനിയും പരിഹരിച്ചിട്ടില്ല.

(അക്കൗണ്ട് ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യ പത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു)

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 4114712.90 |
| വരവ് | 51380491 |
| ആകെ | 55495203.90 |
| ചെലവ് | 49401381 |
| നീക്കിയിരിപ്പ് | 6093822.90 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് (Lapsed) | ചെലവ് ശതമാനം | നീക്കി യിരിപ്പ് R&P 40b പ്രകാരം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 10504128 | 10504128 | 9164257 | 1339871 | 87 | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| വികസനഫണ്ട് എസ്.സി.പി. | 0 | 5278596 | 5278596 | 2764441 | 2514155 | 52 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 29136 | 29136 | 29136 | 0 | 100 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 7011258 | 7011258 | 6698674 | 312584 | 95 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 3107550 | 3107550 | 2454644 | 652906 | 78 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 5890164 | 5890164 | 5315993 | 574171 | 90 | 0 |
| പെർഫോമൻസ് ഗ്രാന്റ് (State Share) | 0 | 810804 | 810804 | 0 | 810804 | 0 | 0 |
| പെർഫോമൻസ് ഗ്രാന്റ് (central Share) | 0 | 2274120 | 2274120 | 2126996 | 147124 | 93 | 0 |
| MGNREGS | 63 | 21870690 | 21870753 | 21864902 | 5851 | 99.9 | 100 |
| ബി. ഫണ്ട് | 0 | 30541620 | 30541620 | 30541620 | 0 | 100 | 0 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 135 | 50468016 | 102 | 37940845 | 03 | 30 | 75 |

പാതിവഴിയിൽ ഉപേക്ഷിച്ച് പാഴ്ച്ചെലവായ പദ്ധതികൾ

ഇല്ല

## 1-7 തനത് വരുമാനം

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | % (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 5918606 | 7373603 | +1454997 | +24.58 |
| നികുതിയേതര വരവുകൾ | 731811 | 586082 | -145729 | -19.91 |
| മറ്റ് വരവുകൾ | 280187 | 243180 | -37007 | -13 |
| ആകെ | 6930604 | 8202865 | 1272261 | (+) 18.36 |

## 1-8 ക്ഷേമപദ്ധതികൾ.

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 197760 | 101 |
| കർഷക തൊഴിലാളി പെൻഷൻ | 3090470 | 332 |
| വിധവാ പെൻഷൻ | 8969220 | 855 |
| വാർദ്ധക്യകാല പെൻഷൻ | 14274110 | 1492 |
| അംഗപരിമിതർക്കുള്ള പെൻഷൻ | 3083730 | 316 |
| വിവാഹ ധനസഹായം | 150000 | 5 |
| 50വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 721330 | 61 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.6.2017 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3,420 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

ആസ്തി രജിസ്റ്റർ ഗ്രാമ പഞ്ചായത്തിനു വിട്ടുകിട്ടിയ സ്ഥാപനങ്ങളിലെ ഉൾപ്പെടെ, എല്ലാ ആസ്തികളും ഉൾപ്പെടുത്തി കാലികമാക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13/06/2017 | 01/02/2017 to 31/05/2017 | ഇല്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20/11/2013 to03/12/2013 | 2008-09 to 2012-13 | 13-01-14 |

# ഭാഗം-2

## വരവ്വ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ടെലിക്കമ്യൂണിക്കേഷൻ ടവറുകളുടെ വസ്തു നികുതി ഈടാക്കിയില്ല.

താഴെ പറയുന്ന ടെലിക്കമ്യൂണിക്കേഷൻ ടവറുകളുടെ ഉടമസ്ഥരിൽ നിന്നും 2016-17 വർഷത്തിൽ കേരള പഞ്ചായത്ത്‌രാജ് നിയമം 203 പ്രകാരമുള്ള വസ്തു നികുതി ഈടാക്കിയിട്ടില്ല. വിശദ വിവരം ചുവടെ നൽകുന്നു.

| ടവർ | ഡിമാന്റ് ചെയ്ത വസ്തു നികുതി | ഡിമാന്റ് ചെയ്ത ലൈബ്രറി സെസ് | അഭിപ്രായം |
|---|---|---|---|
| റിലയൻസ് ഇൻഫ്രാ ലിമിറ്റഡ്, 06/756 | 13707 | 686 | 2013-14 വർഷം മുതൽ ഈടാക്കിയിട്ടില്ല |
| റിലയൻസ് ഇൻഫ്രാ ലിമിറ്റഡ്, 15/693 | 5400 | 270 | 2013-14 വർഷം മുതൽ ഈടാക്കിയിട്ടില്ല |
| ബ്ലൂ ബെൽ കുളപ്പുറം 15/611 | 7700 | 385 | 2013-14 വർഷം മുതൽ ഈടാക്കിയിട്ടില്ല |
| വയർലെസ് ടി.ടി ഇൻഫോ സർവ്വീസ് 10/690 | 6600 | 330 | 2016-17 2 ാം അർദ്ധ വർഷം ഈടാക്കിയിട്ടില്ല |
| ആകെ | 33,407 | 1671 | |

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 243 പ്രകാരം ഗ്രാമപഞ്ചായത്തിനു പിരിഞ്ഞ് കിട്ടാനുള്ള തുക മൂന്ന് വർഷത്തിനുള്ളിൽ പിരിച്ചെടുത്തിട്ടില്ലെങ്കിൽ ആയവ നിയമപരമായി കാലഹരണപ്പെടും. ഗ്രാമ പഞ്ചായത്ത്/നഗരസഭ ടവറുകൾ സ്ഥിതി ചെയ്യുന്ന വസ്തുവിന്റെ ഉടമയിൽ വസ്തുനികുതി ഡിമാന്റ് ചെയ്യുന്നതിന് പകരം ടവറുകൾ സ്ഥാപിക്കുന്നതിന് പെർമിറ്റ് നേടിയ ടെലിക്കമ്മ്യൂണിക്കേഷൻ കമ്പനികൾക്കാണ് ഡിമാന്റ് നോട്ടീസ് നൽകുന്നത്. മേൽ വിലാസങ്ങൾ ഇടയ്ക്കിടക്ക് മാറുന്ന ഇത്തരം സ്ഥാപനങ്ങൾക്കയക്കുന്ന നോട്ടീസുകൾ കൈപ്പറ്റാതെ മടങ്ങി വരുന്നതും പതിവാണ്.

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 5/4-7-17 ന് നൽകിയ മറുപടിയിൽ തുക ഈടാക്കുന്നതാണ് എന്ന് അറിയിച്ചു. ടവറുകൾ സ്ഥിതി ചെയ്യുന്ന വസ്തുവിന്റെ യഥാർത്ഥ ഉടമകളിൽ നിന്ന് വസ്തുനികുതി ഡിമാന്റ് ചെയ്ത് ഈടാക്കാത്തത് സംബന്ധിച്ചും നിയമപരമായി കാലഹരണപ്പെടുന്ന കാലയളവ് പോലും പരിഗണിക്കാതെ വസ്തു നികുതി കുടിശ്ശിക പിരിച്ചെടുക്കാത്തത് സംബന്ധിച്ചും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 2-2 ബിൽഡിംഗ് പെർമിറ്റ് ഫീസ് പിരിവ് അപാകതകൾ

ഗ്രാമ പഞ്ചായത്തിന്റെ ബിൽഡിംഗ് പെർമിറ്റ് ഫീസ് പിരിവ് പരിശോധനയിൽ താഴെ പറയുന്ന കെട്ടിട ഉടമകളിൽ നിന്നും 2011 ലെ കേരള പഞ്ചായത്തിരാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരമുള്ള പെർമിറ്റ് ഫീസ് കുറവായി ഈടാക്കി/ഈടാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർത്തിരിക്കുന്നു.

1)പെർമിറ്റ്ഫീസ് ഈടാക്കിയില്ല

താഴെ പറയുന്ന കെട്ടിട ഉടമയിൽ നിന്നും പെർമിറ്റ് ഫീസ് ഈടാക്കിയില്ല. വിശദവിവരം ചുവടെ

| കെട്ടിട ഉടമ | കെട്ടിടത്തിന്റെ തരം / വിസ്തീർണ്ണം | പെർമിറ്റ് നമ്പർ, അനുവദിച്ച തിയതി | ഈടാക്കേണ്ട പെർമിറ്റ് ഫീസ് |
|---|---|---|---|
| ശ്രീ.സതീശൻ.കെ.വി | വാണിജ്യം, 279m2 | TP/S4/BP /5500/99/16-17 /18-10-16 | 299*7=2093 |
| | | ആകെ | 2093 |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-12/06-06-17 ന് മറുപടി നൽകിയിട്ടില്ല. ഈടാക്കേണ്ട പെർമിറ്റ് ഫീസ് ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതാണ്.

2)പെർമിറ്റ്ഫീസ് കുറവായി ഈടാക്കി

താഴെ പറയുന്ന കെട്ടിട ഉടമകളിൽ നിന്നും അവയുടെ വിസ്തീർണ്ണത്തിന് ആനുപാതികമായ പെർമിറ്റ് ഫീസ് ഈടാക്കിയില്ല.

| കെട്ടിട ഉടമക | കെട്ടിടത്തിന്റെ തരം / വിസ്തീർണ്ണം | ഈടാക്കേണ്ട പെർമിറ്റ് ഫീസ് | ഈടാക്കിയത് | കുറവ് |
|---|---|---|---|---|
| ശ്രീ.ഇമ്മാനുവൽ സൈമൺ | വാസഗൃഹം, 245.90 m2 | 245.90 m2*5=1230 | 1164 Rt.No.3101406/ 13-6-16 | 66 |
| ശ്രീമതി.ലിജ | വാസഗൃഹം, Exist-89.12 m2 Proposed-86.62 m2 Total=175 m2 | 86.62*5=433 | 331 Rt.No.3101449/ 16-6-16 | 102 |
| ശ്രീ.സിദ്ധീഖ് | വാസഗൃഹം, 291.83 m2 | 291.83*5=1459 | 1368 Rt.No.3101339/ 06-6-16 | 91 |
| ശ്രീ.അബ്ദുൾമുഹ്സിൻ | വാസഗൃഹം, 216.64 m2 | 216.64 *5=1083 | 1011 Rt.No.3101153/ 26-5-16 | 72 |
| ശ്രീ.ചാർളി.പി.ചാണ്ടി | വാസഗൃഹം, | 191.13*5=956 | 781 | 175 |

| | | | | |
|---|---|---|---|---|
| | 191.13 m2 | | Rt.No.3101741/ 11-7-16 | |
| ശ്രീ.മുരളീധരൻ | വാസഗൃഹം, 207.72 m2 | 207.72*5=1039 | 950 Rt.No.3105795/ 24-1-17 | 89 |
| ശ്രീ. ശ്യാം മോഹൻ | വാസഗൃഹം, 181.18 m2 | 181.18*5=906 | 840 Rt.No.3106476/ 13-2-17 | 66 |
| ശ്രീമതി.സുനിത | വാസഗൃഹം, 175.68 m2 | 175.68*5=878 | 368 Rt.No.3108006/ 13-3-17 | 510 |
| | | | ആകെ | 1171 |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-12/06-06-17 ന് മറുപടി നൽകിയിട്ടില്ല. കുറവായി ഈടാക്കിയ പെർമിറ്റ് ഫീസ് ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-3 തൊഴിൽ നികുതി പിരിവ് അപാകതകൾ

2016-17 വർഷ തൊഴിൽ നികുതി പരിശോധനയിൽ താഴെപ്പറയുന്ന ജീവനക്കാർ/സ്ഥാപനങ്ങൾ 1994 ലെ കേരളാ പഞ്ചായത്ത്രാജ് ആക്ട് സെക്ഷൻ 204 പ്രകാരമുള്ള തൊഴിൽ നികുതി അടവാക്കിയില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

1)അർദ്ധവാർഷിക വരുമാനത്തിനനുസൃതമായ തൊഴിൽ നികുതി ഈടാക്കിയില്ല.

താഴെ പറയുന്ന ജീവനക്കാരിൽ നിന്നും അർദ്ധവാർഷിക വരുമാനത്തിനനുസൃതമായ തൊഴിൽ നികുതി ഈടാക്കിയില്ല.

| ജീവനക്കാർ | സ്ഥാപനം സമർപ്പിച്ച പത്രിക പ്രകാരമുള്ള അർദ്ധവാർഷിക വരുമാനം | അർദ്ധ വർഷം | ഈടാ ക്കേണ്ട തൊഴിൽ നികുതി | ഈടാക്കിയ തൊഴിൽ നികുതി/ രശീതി നമ്പർ | കുറവ് |
|---|---|---|---|---|---|
| ശ്രീ.ശ്രീരിഷ് മഞ്ചേരി കോ-ഓപ്പറേറ്റീവ് അർബൻ ബാങ്ക് | 1,12,214 | 2016-17 1-ാം അർദ്ധവർഷം | 1000 | 750 Rt.No.11603500016/ 06.09.2016 | 250 |
| | 1,08,322 | 2016-17 1-ാം | 1000 | 750 | 250 |

| | | | | | |
|---|---|---|---|---|---|
| ശ്രീമതി.ഷജില മജീദ്, അസി.പ്രൊഫസർ കാലിക്കറ്റ് സർവകലാശാല | | അർദ്ധവർഷം | | Rt.No.11603500022/ 30.09.2016 | |
| ശ്രീമതി.ജയ പുതുകര ലക്ച്ചറർ, കാലിക്കറ്റ് സർവകലാശാല | 2,24,924 | 2016-17 1-ാം അർദ്ധവർഷം | 1250 | 1000 Rt.No.11603500022/ 30.09.2016 | 250 |
| ശ്രീ.നിയാസ് തയ്യിൽ, അസി.പ്രൊഫസർ കാലിക്കറ്റ് സർവകലാശാല | 1,90,185 | 2016-17 1-ാം അർദ്ധവർഷം | 1250 | 1000 Rt.No.11603500022/ 30.09.2016 | 250 |
| ശ്രീ.ഷിജു.വി.എസ്. ലാബ് ടെക്നീഷ്യൻ, കാലിക്കറ്റ് സർവകലാശാല | 1,35,666 | 2016-17 1-ാം അർദ്ധവർഷം | 1250 | 600 Rt.No.11603500022/ 30.09.2016 | 650 |
| ശ്രീ.അബ്ദുൾ റഹീം. മെക്കാനിക്ക്, കാലിക്കറ്റ് സർവകലാശാല | 46,188 | 2016-17 2-ാം അർദ്ധവർഷം | 450 | 300 Rt.No.1160350086/ 20.03.2017 | 150 |
| ശ്രീ.അരവിന്ദാക്ഷൻ, സെക്യൂരിറ്റി ഗാർഡ് കാലിക്കറ്റ് സർവകലാശാല | 1,08,722 | 2016-17 2-ാം അർദ്ധവർഷം | 1000 | 600 Rt.No.1160350086/ 20.03.2017 | 400 |
| ശ്രീ.ചന്ദ്രൻ.എം, സെക്യൂരിറ്റി ഗാർഡ് കാലിക്കറ്റ് സർവകലാശാല | 1,08,722 | 2016-17 2-ാം അർദ്ധവർഷം | 1000 | 750 Rt.No.1160350086/ 20.03.2017 | 250 |
| ശ്രീ.ഗോപിനാഥൻ, സെക്യൂരിറ്റി ഗാർഡ് | 1,08,722 | 2016-17 2-ാം അർദ്ധവർഷം | 1000 | 600 | 400 |

| | | | | | |
|---|---|---|---|---|---|
| കാലിക്കറ്റ് സർവകലാശാല | | | | Rt.No.1160350086/ 20.03.2017 | |
| ശ്രീ.മെൽവിൻ മാത്യു, പ്ലേസ്മെന്റ് ഓഫീസർ കാലിക്കറ്റ് സർവകലാശാല | 1,08,658 | 2016-17 2-ാം അർദ്ധവർഷം | 1000 | 750 Rt.No.1160350086/ 20.03.2017 | 250 |
| ശ്രീ.മുഹമ്മദ് അലി, റൂംബോയ്, കാലിക്കറ്റ് സർവകലാശാല | 65,400 | 2016-17 2-ാം അർദ്ധവർഷം | 600 | 450 Rt.No.1160350086/ 20.03.2017 | 150 |
| ശ്രീ.മുനീർ.ഒ, വർക് ഷോപ്പ് അസിസ്റ്റന്റ്, കാലിക്കറ്റ് സർവകലാശാല | 83,400 | 2016-17 2-ാം അർദ്ധവർഷം | 750 | 600 Rt.No.1160350086/ 20.03.2017 | 150 |
| ശ്രീ.പ്രഭാകരൻ, സെക്യൂരിറ്റി ഗാർഡ് കാലിക്കറ്റ് സർവകലാശാല | 1,08,722 | 2016-17 2-ാം അർദ്ധവർഷം | 1000 | 600 Rt.No.1160350086/ 20.03.2017 | 400 |
| ശ്രീമതി.പ്രിയ.പി.നായർ, അസ്സിസ്റ്റന്റ്, കാലിക്കറ്റ് സർവകലാശാല | 79,561 | 2016-17 2-ാം അർദ്ധവർഷം | 750 | 600 Rt.No.1160350086/ 20.03.2017 | 150 |
| ശ്രീ.രഘു. സെക്യൂരിറ്റി ഗാർഡ് കാലിക്കറ്റ് സർവകലാശാല | 1,08,722 | 2016-17 2-ാം അർദ്ധവർഷം | 1000 | 600 Rt.No.1160350086/ 20.03.2017 | 400 |

| | | | | | |
|---|---|---|---|---|---|
| ശ്രീമതി.റൈസ.പി, അസ്സിസ്റ്റന്റ്, കാലിക്കറ്റ് സർവകലാശാല | 66,031 | 2016-17 2-ാം അർദ്ധവർഷം | 600 | 450 Rt.No.1160350086/ 20.03.2017 | 150 |
| ശ്രീ.രവീന്ദ്രനാഥൻ, സെക്യൂരിറ്റി ഗാർഡ് കാലിക്കറ്റ് സർവകലാശാല | 1,08,722 | 2016-17 2-ാം അർദ്ധവർഷം | 1000 | 600 Rt.No.1160350086/ 20.03.2017 | 400 |
| ശ്രീ.ശിവദാസൻ, സെക്യൂരിറ്റി ഗാർഡ് കാലിക്കറ്റ് സർവകലാശാല | 1,10,561 | 2016-17 2-ാം അർദ്ധവർഷം | 1000 | 600 Rt.No.1160350086/ 20.03.2017 | 400 |
| ശ്രീ.സുനീഷ് എബ്രഹാം, റൂംബോയ്, കാലിക്കറ്റ് സർവകലാശാല | 65,400 | 2016-17 2-ാം അർദ്ധവർഷം | 600 | 450 Rt.No.1160350086/ 20.03.2017 | 150 |
| ശ്രീ.സുരേഷ് കുമാർ സെക്യൂരിറ്റി ഗാർഡ് കാലിക്കറ്റ് സർവകലാശാല | 1,08,722 | 2016-17 2-ാം അർദ്ധവർഷം | 1000 | 600 Rt.No. 1160350086/ 20.03.2017 | 400 |
| | | | | ആകെ | 5850 |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ7/4-7-17 ക്ക് മറുപടി നൽകിയിട്ടില്ല. കുറവായി ഈടാക്കിയ തൊഴിൽ നികുതി ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതാണ്.

2)സഹകരണ ബാങ്കുകളിൽ കമ്മീഷൻ വ്യവസ്ഥയിൽ ഏജന്റ്മാരായി ജോലി ചെയ്യുന്നവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല

സഹകരണ ബാങ്കുകളിൽ കമ്മീഷൻ വ്യവസ്ഥയിൽ ഏജന്റ്മാരായി ജോലി ചെയ്യുന്ന ഗ്രാമ പഞ്ചായത്തിലെ തേഞ്ഞിപ്പലം സർവ്വീസ് സഹകരണ ബാങ്ക്, മഞ്ചേരി സഹകരണ അർബൻ ബാങ്ക്, തേഞ്ഞിപ്പലം സഹകരണ റൂറൽ ബാങ്ക് എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല. ഇത് സംബന്ധിച്ച് 26-09-2016 ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഡി-16 /12806/16 നമ്പർ കത്തിലൂടെ ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയ

നിർദേശം പാലിച്ചിട്ടില്ല. ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 7/4-7-17 ക്ക് മറുപടി നൽകിയിട്ടില്ല. സഹകരണ ബാങ്കുകളിൽ കമ്മീഷൻ വ്യവസ്ഥയിൽ ഏജന്റ്മാരായി ജോലി ചെയ്യുന്നവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

3)സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല.

WP(C) No.16670/ 06 നമ്പർ കേസിന്റെ അന്തിമ വിധിയിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതിൽ നിന്നും ബി.എസ്.എൻ.എൽ സ്ഥാപനങ്ങളെ ഒഴിവാക്കണമെന്ന വാദം കോടതി തള്ളിയ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ സ്ഥാപനത്തിൽ നിന്നും നികുതി ഈടാക്കേണ്ടതായിരുന്നു. എന്നാൽ 2016-17 വർഷത്തിൽ രണ്ട് അർദ്ധ വർഷങ്ങളിലും നികുതി ഈടാക്കിയിട്ടില്ല. ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 7/4-7-17 ക്ക് മറുപടി നൽകിയിട്ടില്ല. നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-4 വാടക ഈടാക്കിയില്ല.

ഗ്രാമ പഞ്ചായത്തിന്റെ 2016- 17 വാടക പിരിവ് പരിശോധനയിൽ താഴെപറയുന്ന വാടകക്കാരിൽ നിന്നും വാടക ഈടാക്കിയതായി കാണുന്നില്ല. വാടക സംബന്ധിച്ചുള്ള ബൈലോ ഹാജരാക്കിയിട്ടില്ല. കാരണം വിശദീകരിക്കേണ്ടതാണ്.

| വാടകകാരൻ<br>കെട്ടിടം | ഈടാക്കേണ്ട വാടക | ഈടാക്കിയത് | കുറവ് | അഭിപ്രായം |
|---|---|---|---|---|
| ശ്രീ.മുഹമ്മദ് നജീബ്<br>ഹരിതം ചേളാരി | 12*1654=19848 | 18194 | 1654 | |
| കടക്കാട്ടുപ്പാറ ക്ഷീര സംഘം,<br>ക്ഷീര സാഗരം ഔട്ട്ലറ്റ്, കോഹിനൂർ | 12*1592=19104 | 0 | 19104 | |
| ഗ്രീൻ എർത്ത് ഫാർമേഴ്സ് ക്ലബ്,<br>ഹരിതം യൂണിവേഴ്സിറ്റി. | 12*2142=25704 | 0 | 25704 | 2014-15 മുതൽ അടക്കാനുണ്ട് |
| ശ്രീമതി.സിന്ധു.പി 7/124A | 12*3714=44568 | 40854 | 3714 | |
| ഹരിതം ഒലിപ്രം | 12*1082=12984 | 0 | 12984 | |
| | | ആകെ | 63160 | |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ. 4/4-7-17 ന് മറുപടി നൽകിയിട്ടില്ല. കരാർ, ബൈലോ എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഈടാക്കാനുള്ള വാടക പലിശ സഹിതം ഈടാക്കി വിവരം ആദ്യമറുപടിയിൽ തന്നെ ലഭ്യമാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കണ്ണാരി പാറക്കടവ് റോഡ് ടാറിംഗ് - അധിക നിരക്ക് അനുവദിച്ചതും, ആദായ നികുതി പിടിക്കാത്തതും സംബന്ധിച്ച്.

പ്രൊജക്ട് നം : എസ്.ഒ.123/17 (95/16,60/15)

അടങ്കൽ : 405000.00 പ്ലാൻ (ജനറൽ)

165162.00 തനത്

ചെലവ് : 405000.00

ബിൽ നം.30/14-15

165162.00

ചെക്ക് നം,1614432/31.1.2017

എം.ബുക്ക്നം:60/15

കൺവ്വീനർ : മുഹമ്മദ് ഹനീഫ

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ

ഈ പ്രൊജക്ടിന്റെ എസ്റ്റിമേറ്റിലെ ഐറ്റം13 പ്രവൃത്തി 20 എംഎം മെറ്റൽ ഉപയോഗിച്ച് 1:2:4 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ആണ്. 7.500 എം3 അളവിൽ ഈ പ്രവൃത്തി നിർവ്വഹിക്കുന്നതിന് 10/ഡി.എം3 ന് 69.50 രൂപ നിരക്കിൽ തുക വകയിരുത്തിയിട്ടുണ്ട്. മേല്പറഞ്ഞ എം ബുക്കിലെ പേജ് നം.17 പ്രകാരം 5.762 എം3 ഈ പ്രവൃത്തി നിർവ്വഹിച്ചിട്ടുണ്ട്. എന്നാൽ ഇതിന് 84.00/10ഡി.എം3 നിരക്കിലാണ് തുക അനുവദിച്ചിട്ടുള്ളത്. ഇപ്രകാരം എസ്റ്റിമേറ്റിൽ പറഞ്ഞതിലും അധികം നിരക്കിൽ തുക അനുവദിച്ചതിനാൽ (5.762x100x84=48400 (-) 5.762x100x69.50= 40046) = 8354.00 രൂപ കൺവീനർക്ക് അധികം നൽകാൻ ഇടയായിട്ടുണ്ട്.

537889.00 രൂപയുടെ പ്രവൃത്തിയാണ് ഈ പ്രൊജക്ട് പ്രകാരം കൺവ്വീനർ നിർവ്വഹിച്ചിട്ടുള്ളത്. ഇതിന് 2% നിരക്കിൽ 10758.00 രൂപ ആദായ നികുതി ഈടാക്കേണ്ടതുണ്ടായിരുന്നു. ആയത് ഈടാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ് എന്നു കാണിച്ചു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 18/7-7-17 ന് മറുപടി നൽകിയിട്ടില്ല. കൺവീനർക്ക് അധികം നൽകിയ തുക 8354/- രൂപയും ആദായ നികുതി 10758/- രൂപയും ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-2 ചുള്ളോട്ട് പറമ്പ് കുടിവെള്ള പദ്ധതി - ദീർഘ വീക്ഷണമില്ലാതെ പ്രൊജക്ട് നടപ്പാക്കി

പ്രൊജക്ട് നം : എസ്.ഒ.136/17 (100/16,68/15)

(എസ്.സി.വിഭാഗം)

അടങ്കൽ : 1100000.00 തനത്

ചെലവ് : 1042068.00

ചെക്ക് നം.16114450,51,52,53,54/2.2.17

എം.ബുക്ക്നം: 361/14-15, 362/14-15

കരാർ നം :60/12.5.15

കൺവ്വീനർ : ശ്രീ.വാസുദേവൻ, വാക്കയിൽ

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ.

പദ്ധതി പ്രദേശത്ത് 30 എസ്. സി വിഭാഗം വീടുകളും 20 ജനറൽ വീടുകളുമുണ്ട് എന്നാണ് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളത്. 6 മീറ്റർ വിസ്തീർണ്ണമുള്ള നിലവിലുള്ള കിണറിൽ മോട്ടോർ സ്ഥാപിച്ച്, 975 മീറ്റർ

അകലെ സ്ഥാപിക്കുന്ന RCC ഓവർ ഹെഡ് ടാങ്കിലേക്ക് പമ്പിംഗ് മെയിൻ ഇടുകയും, അതോടൊപ്പം നാല് പൊതു ടാപ്പുകൾ സ്ഥാപിച്ച് നൽകുകയും ചെയ്യുക എന്നതാണ് പ്രൊജക്ട് ലക്ഷ്യം. ഇതേ കിണറിൽ നിന്നുള്ള വെള്ളം ഉപയോഗിച്ച് ഈ പ്രദേശത്ത് കുടിവെള്ളം വിതരണം ചെയ്യുന്നതിന് മറ്റൊരു പ്രൊജക്ടിന് അംഗീകാരം ലഭിച്ച സാഹചര്യത്തിൽ ഭാവിയിൽ ഹൗസ് കണക്ഷനുവേണ്ടി ഈ പ്രൊജക്ട് വികസിപ്പിക്കാവുന്നതാണ് എന്ന് റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. പ്രൊജക്ടിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

6.7.17 ന് പദ്ധതി പ്രദേശം പഞ്ചായത്തിലെ ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ നേരിട്ട് പരിശോധിച്ചപ്പോൾ എസ്റ്റിമേറ്റിൽ പറഞ്ഞ പ്രകാരം മോട്ടോറും, പമ്പിംഗ് മെയ്നും, ഓവർ ഹെഡ് ടാങ്കും സ്ഥാപിച്ചതായി കണ്ടു. എന്നാൽ പ്രാദേശികമായ അഭിപ്രായ വ്യത്യാസം കാരണം പമ്പിംഗ് ട്രയൽ റൺ നടത്തിയതല്ലാതെ, സ്ഥിരമായി പമ്പിംഗ് നടത്തുന്നില്ല എന്ന് വ്യക്തമാകുകയുണ്ടായി.

എസ്റ്റിമേറ്റ് റിപ്പോർട്ടിൽ നിന്നും വിഭിന്നമായി, ഫയലിനൊപ്പം വച്ചിട്ടുള്ള പട്ടികജാതി വികസന ഓഫീസർ ലഭ്യമാക്കിയിട്ടുള്ള ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് പ്രകാരം പദ്ധതി പ്രദേശത്ത് 42 എസ്. സി വിഭാഗം വീടുകളും 25 ജനറൽ വീടുകളുമുണ്ട്. ഇത് ഒരു എസ്.സി പ്രൊജക്ട് ആയതിനാൽ ഈ പദ്ധതിയിൽ 42 എസ്.സി ഗുണഭോക്താക്കളുണ്ടെന്ന് ഇതിൽ നിന്നും വ്യക്തമാണ്. ചുള്ളോട്ട് പറമ്പ് റോഡിന്റെ നാഷണൽ ഹൈവേയിൽ നിന്നും പ്രവേശിക്കുന്ന ഭാഗത്തെ ഉയർന്ന പ്രദേശത്തും ഈ പ്രൊജക്ടിന്റെ ടാങ്ക് സ്ഥാപിച്ച താഴ്ന്ന പ്രദേശത്തുമായാണ് ഈ വീടുകൾ സ്ഥിതി ചെയ്യുന്നത്. അതിനാൽ, ഈ പ്രൊജക്ട പ്രകാരം 9 മീറ്റർ ഉയരത്തിൽ സ്ഥാപിച്ച ടാങ്കിൽ നിന്നും വെള്ളം പമ്പ് ചെയ്താൽ താഴ്ഭാഗത്തുള്ള ഇരുപതോളം കുടുംബങ്ങൾക്ക് മാത്രമെ വെള്ളം ലഭിക്കുകയുള്ളൂ. ഇതാണ് പ്രാദേശികമായി ഈ പദ്ധതി പ്രവർത്തിപ്പിക്കുന്നതിന് എതിർപ്പ് ഉയരാനുള്ള കാരണം.

മേല്പറഞ്ഞ സാഹചര്യം ഉൾക്കൊണ്ട്, 2017-18 ൽ ജില്ലാപഞ്ചായത്തിന്റെ പുതിയ ഒരു കുടിവെള്ള വിതരണ പ്രൊജക്ട് ഇവിടെ നടപ്പാക്കുന്നുണ്ടെന്ന് പഞ്ചായത്ത് ഓവർസിയർ വിശദീകരിച്ചു. റോഡിന്റെ ഉയർന്ന ഭാഗത്ത് അംഗൻവാടിക്കടുത്തായി 17 ലക്ഷം രൂപ ചെലവിൽ ഓവർഹെഡ് ടാങ്ക് സ്ഥാപിച്ച് 17 ലക്ഷം രൂപ ചെലവിൽ വാട്ടർ അതോറിറ്റി മുഖേന ഡെപ്പോസിറ്റ് വർക്ക് ആയി നിലവിലുള്ള പ്രൊജക്ടിനുൾപ്പെടെ, വിതരണ ലൈൻ സ്ഥാപിക്കാനാണ് ലക്ഷ്യമെന്നും വാട്ടർ അതോറിറ്റിയിൽ അതിനുള്ള തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെന്നും ഓവർസിയർ അറിയിക്കുകയുണ്ടായി. പുതിയ പ്രൊജക്ട് പ്രവർത്തനക്ഷമമാകുന്നതോടെ 42/50 ഗുണഭോക്താക്കൾ മാത്രമുള്ള ഒരു കുടിവെള്ള പദ്ധതിക്ക് രണ്ട് ഓവർഹെഡ് ടാങ്കും രണ്ട് പമ്പിംഗ് മെയ്നും രണ്ട് മോട്ടോറും ഉണ്ടാകുന്ന ഒരു അസാധാരണ സാഹചര്യമാണുണ്ടാകുക. നിലവിലുള്ള പ്രൊജക്ടിലെ ഓവർഹെഡ് ടാങ്ക് ഉയർന്ന പ്രദേശത്ത് സ്ഥാപിച്ചിരുന്നുവെങ്കിൽ പദ്ധതി പ്രദേശത്തെ മുഴുവൻ കുടുംബങ്ങൾക്ക് കുടിവെള്ളം എത്തിക്കാമായിരുന്നു. ഇതിന് വേണ്ട സ്ഥലം ലഭ്യമല്ലായിരുന്നുവെങ്കിൽ, ടാങ്കിന്റെ ഉയരം വർദ്ധിപ്പിക്കുകയോ, അല്ലെങ്കിൽ സ്ഥലം കണ്ടെത്തുകയോ ആയിരുന്നു ചെയ്യേണ്ടിയിരുന്നത്. ഇതിൽ വീഴ്ച്ച വന്നതു കാരണമാണ് പുതിയ പ്രൊജക്ട് നടപ്പാക്കേണ്ടി വന്നിട്ടുള്ളത്. ഈ സാഹചര്യത്തിൽ, നിലവിലെ പ്രൊജക്ടിനായി ചെലവഴിച്ച മുഴുവൻ തുകയും തീർത്തും പാഴ്ചെലവാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. എസ്റ്റിമേറ്റ് റിപ്പോർട്ടിൽ പുതിയ പ്രൊജക്ട് നടപ്പാക്കാൻ പോകുന്നത് സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥൻ നടത്തിയ പരാമർശത്തിൽ നിന്നും, ഈ പ്രോജക്ടിന്റെ പോരായ്മകളെ കുറിച്ച് നിർവ്വഹണ ഉദ്യോഗസ്ഥന് വ്യക്തമായ ധാരണ ഉണ്ടായിരുന്നു എന്നും വിലയിരുത്തുന്നു.

പ്രൊജക്ടിന് മതിയായ അടങ്കൽ വകയിരുത്താതിരുന്നതും, പ്രാദേശികമായ ആവശ്യകതയും, പദ്ധതി പ്രദേശത്തെ ഭൂമിയുടെ ഘടനയും വിലയിരുത്തി പദ്ധതിയുടെ ഡിസൈൻ തയ്യാറാക്കുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ കാണിച്ച വീഴ്ചയുമാണ് ഈ പ്രൊജക്ട് നിഷ്ക്രിയമാകാൻ കാരണം.

അപാകതക്ക് വിശദീകരണം നൽകേണ്ടതാണ്.

## 3-3 വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയില്ല

2016-17 വർഷത്തിൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണം നടത്തിയ ചുവടെ കൊടുത്തിരിക്കുന്ന പ്രൊജക്ടുകൾ പ്രകാരം വിവിധ സ്ഥാപനങ്ങളിലേക്ക് വിവിധ തുകകൾ കൈമാറിയിട്ടുണ്ട്. വിശദ വിവരങ്ങൾ

താഴെ ചേർക്കുന്നു.

| പ്രൊജക്ട്/പ്രൊജക്ട് നമ്പർ | വൗച്ചർ നമ്പർ/തീയതി | ഫണ്ട് | തുക | തുക നൽകിയത് |
|---|---|---|---|---|
| IAY Additional Share/77/17 | 21600574/13-12-16 | Plan(GI) | 1,34,597 | BDO, വേങ്ങര |
| PMAY/53/17 | 21600573/13-12-16 | CFC | 2,60,000 | -ടി- |
| Share payment of street dog control/95/17 | 21600785/2-3-17 | Plan(GI) | 1,00,000 | ഡെ.ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്, മലപ്പുറം |
| പള്ളിപ്പടി മലയിൽ Water pipe line extension/76/17 | 21600997/31-3-17 | Plan(GI) | 50,000 | KWA |
| വിളക്കത്രമാട് മണ്ണിൽതൊടി Water pipe line extension/71/17 | 21600852/23-3-17 | MG(NR) | 70,000 | KWA |
| മേട്ടനാലിൽ ചാലാട്ടിൽ Water pipe line extension/72/17 | 21600855/23-3-17 | MG(NR) | 70,000 | KWA |
| അനുഗ്രഹം കൊല്ലേരി പാലക്കപ്പറമ്പ് Water pipe line extension/73/17 | 21600851/23-3-17 | MG(NR) | 70,000 | KWA |
| വില്ലൂന്നിയാൽ കല്ലുവളപ്പ് റോഡ് | 21600853/23-3-17 | MG(NR) | 70,000 | KWA |

| | | | | |
|---|---|---|---|---|
| Water pipe line/74/17 extension/71/17 | | | | |
| ചെനക്കലങ്ങാടി ചീനിക്കണാരി Water pipe line extension/79/17 | 21600856/23-3-17 | MG(NR) | 1,40,000 | KWA |
| കണ്യാവിൽ കരിങ്ങാംകുളം Water pipe line extension/80/17 | 21600854/23-3-17 | MG(NR) | 1,50,000 | KWA |
| ആലുങ്ങൽ പുല്ലുക്കത്ത് Water pipe line extension/98/17 | 21600998/31-3-17 | MG(NR) | 50,000 | KWA |
| പള്ളിപ്പടി മലയിൽ Water pipe line extension/76/17 | 21601002/31-3-17 | MG(NR) | 2,50,000 | KWA |
| ചാലിയിൽ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ /SO146/17 | 21600961/31-3-17 | Block Share | 5,50,000 | KWA |
| ചാലിയിൽ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ /SO146/17 | 21600787/2-3-17 | Plan(SCP) | 5,50,000 | KWA |
| ചാപ്പപ്പാറ എസ്.സി.കോളനി കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ/SOO38/17 | 21600786/2-3-17 | Plan(SCP) | 9,00,000 | KWA |

| | | | | |
|---|---|---|---|---|
| മുക്കട് കോലായം എസ്.സി.കോളനി കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ/S0096/17 | 21601001/31-3-17 | Plan(SCP) | 5,50,000 | KWA |
| ആകെ = | | | 3964597 | |

മേൽ പരാമർശിച്ച പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. ചെലവ് തുക 25,50,000 താല്ക്കാലികമായി ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-4 <u>പരിരക്ഷാ പദ്ധതി - ഡ്രൈവർക്ക് വേതനം അനുവദിക്കുന്നത് ക്രമപ്രകാരമല്ല</u>

മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2016-17 വർഷത്തിൽ നടപ്പിലാക്കിയ പരിരക്ഷാ പദ്ധതിയുടെ (Pr.No S0046/17) ഭാഗമായി ആയതിന് ഉപയോഗിക്കുന്ന വാഹനത്തിന്റെ ഡ്രൈവർ ശ്രീ രവീന്ദ്രൻ നായർക്ക് 9,000 രൂപ നിരക്കിൽ ചുവടെ കൊടുത്തിരിക്കുന്ന ബില്ലുകൾ പ്രകാരം വികസന ഫണ്ടിൽ നിന്നും തുകകൾ പിൻവലിച്ച് പണമായി നൽകിയിട്ടുണ്ട്.

| Try.Bill No/Date | തുക നൽകിയ മാസങ്ങൾ | തുക |
|---|---|---|
| 1/16-17, 20-12-16 | 4,5,6,7,8,9/16 | 54,000 |
| 4/16-17,26-11-16 | 10/16 | 9,000 |
| 6/16-17, 28-1-17 | 11,12/16 | 18,000 |
| 10/16-17,14-3-17 | 1/17 | 9,000 |
| 13/16-17,29-3-17 | 2,3/17 | 18,000 |
| ആകെ = | | 1,08,000 രൂപ |

പരിരക്ഷാപദ്ധതിയുടെ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ (സ.ഉ. (ആർ.ടി)3217/2015/LSGD, തീ:29-10-15) പ്രകാരം ടി പദ്ധതിക്കായി ഉപയോഗപ്പെടുത്തുന്ന വാഹനത്തിന്റെ ഡ്രൈവർക്ക് ദിവസ വേതനമാണ് അനുവദനീയമായിട്ടുള്ളത് എന്നിരിക്കെ മേൽ പരാമർശിച്ച പ്രകാരം 9,000 നിരക്കിൽ വേതനം അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (No/തീയതി:17/7-7-17) മറുപടി ലഭ്യമായിട്ടില്ല. ഇതേപോലെ തന്നെയാണ് മുൻ വർഷത്തിലും വേതനം നൽകിയിരുന്നത്. (2015-16 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3(8)3 കാണുക). മേൽ ഉത്തരവ് പ്രകാരം ആഴ്ചയിൽ നാലിൽ കുറയാത്ത ദിവസങ്ങളിൽ Home care visit നടത്തേണ്ടതാണ്. ആയത് പ്രകാരം ഒരു വർഷത്തിൽ ഏറ്റവും കുറഞ്ഞത് 192 ദിവസങ്ങളിലെങ്കിലും സന്ദർശനം നടത്തേണ്ടതായിരുന്നു എങ്കിലും ഇവിടെ ആകെ 141 ദിവസങ്ങളിൽ മാത്രമാണ് ഗൃഹസന്ദർശനം നടത്തിയിട്ടുള്ളത്. എല്ലാ മാസങ്ങളിലും 16 ൽ കുറവ് ദിവസങ്ങളിൽ മാത്രമാണ് സന്ദർശനം നടത്തിയിട്ടുള്ളത്. മേൽ പദ്ധതിയുടെ നിർവ്വഹണം സംബന്ധിച്ച ഉത്തരവിലെ ഡ്രൈവറുടെ വേതനം സംബന്ധിച്ചും മിനിമം Home care visit സംബന്ധിച്ചും ഉള്ള നിർദ്ദേശങ്ങൾ പാലിക്കാതിരുന്നതിന് വ്യക്തമായ വിശദീകരണം നൽകേണ്ടതാണ്. ചെലവ് തുക 1,08,000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-5 PHCയിലേക്ക് മരുന്നുകൾ - ലഭ്യതാ വിവരം അറിയിക്കേണ്ടതാണ്.

2016-17 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കൊടുത്തിരിക്കുന്ന പ്രൊജക്ടുകൾ പ്രകാരം മരുന്നുകൾ വാങ്ങുന്നതിന് KMSCL ന് തുകകൾ നൽകിയതിന്റെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്ട്/നമ്പർ | ട്രഷറി ബിൽനമ്പർ/തീയതി | തുക | ഫണ്ട് |
|---|---|---|---|
| പരിരക്ഷ/SO046/17 | 10/16-17,14-3-17 | 2,50,000 | Plan(GI) |
| PHCയിലേക്ക് മരുന്നും ആശുപത്രി ഉപകരണങ്ങളും വാങ്ങൽ/ SO70/17 | 11/16-17, 14-3-17 | 1,00,000 | MG(NR) |
| ആകെ | | 3,50,000 | |

മേൽ തുകക്കുള്ള മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദ വിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് (ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് - നമ്പർ/തീയതി: 16/7-7-17 – മറുപടി ലഭ്യമായിട്ടില്ല). ചെലവ് തുക 3,50,000 രൂപ തടസ്സം ചെയ്യുന്നു.

## 3-6 ഖരമാലിന്യ സംസ്കരണം - മാർഗ നിർദ്ദേശം പാലിച്ചില്ല

പ്രൊജക്ട് :മാലിന്യ മുക്ത തേഞ്ഞിപ്പലം

പ്രൊജക്ട് നമ്പർ : SO101/17

നിർവ്വഹണം : സെക്രട്ടറി

ഫണ്ട് : വികസന ഫണ്ട്

ഗ്രാമ പഞ്ചായത്തിലെ എല്ലാ അയൽ സഭാ തലത്തിലും ബോധവത്കരണം നടത്തി ജൈവ – അജൈവ മാലിന്യങ്ങൾ തരം തിരിക്കുക, ടെണ്ടർ ചെയ്ത് പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച് വാഹനങ്ങളിൽ recycling unitകളിൽ എത്തിക്കുക, പാതയോരങ്ങളിലെ മാലിന്യങ്ങളും ചത്ത മൃഗങ്ങളേയും സംസ്കരിക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി നടപ്പിലാക്കിയ മേൽ പ്രൊജക്ട് പ്രകാരം 2016-17 വർഷത്തിൽ വികസനഫണ്ടിൽ നിന്നും ചെലവഴിച്ച തുകകളുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| തുക | വൗച്ചർ നമ്പർ/തീയതി | നീക്കം ചെയ്ത മാലിന്യത്തിന്റെ അളവ് | ഏജൻസി | റിമാർക്സ് |
|---|---|---|---|---|
| 57,444 | 21600999/31-3-17 | 73.27 m3 | നിറവ് സീറോ വേസ്റ്റ് മാനേജ്മെന്റ്, കോഴിക്കോട് | $1M^3$ ന് 800/- രൂപ നിരക്കിൽ ഈ സ്ഥാപനത്തെ എൽപ്പിച്ചു. |
| 1,20,657 | 21600849/23-3-17 | 153.9 m3 | -ടി- | |

കൂടാതെ, ആദായ നികുതി ഇനത്തിൽ ചെലവഴിച്ച 1172 + 2463 = 3635 രൂപയും (Vr.Nos.21601000, 21600850, തീ:31-3-17,23-3-17) ഉൾപ്പെടെ ആകെ 1,81,736 രൂപ ഈ ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്.

ത.സ്വ.ഭ.വ.സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും സംബന്ധിച്ച മാർഗരേഖ (സ.ഉ.(എം.എസ്) നമ്പർ 4/2016/ത.സ്വ.ഭ.വ, തീയതി: 11-01-2016, വർഷം ; 2016-17) ഖണ്ഡിക 11(12) പ്രകാരം മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ചുവടെ കൊടുത്തിരിക്കുന്ന ഇനങ്ങൾക്ക് മാത്രമേ പ്രൊജക്ടുകൾ ഏറ്റെടുക്കാവൂ.

എ) പൊതു മാലിന്യ പ്ളാന്റുകൾ സ്ഥാപിക്കുന്നതിന് വേണ്ടി സ്ഥലം വാങ്ങൽ.

ബി) പൊതു മാലിന്യ പ്ളാന്റുകൾ സ്ഥാപിക്കൽ.

സി) മാലിന്യങ്ങൾ കൊണ്ടു പോകുന്നതിന് പ്രത്യേക വാഹനങ്ങൾ വാങ്ങൽ.

ഡി) സബ്സിഡി മാനദണ്ഡങ്ങൾക്ക് വിധേയമായി മാലിന്യ സംസ്കരണ പ്ളാന്റുകൾ / യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് കുടുംബങ്ങൾക്കും സ്ഥാപനങ്ങൾക്കും ധനസഹായം നൽകൽ.

മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട ആവർത്തന സ്വഭാവമുള്ള ചെലവുകൾക്ക് വേണ്ട തുക തനത് ഫണ്ടിൽ നിന്ന് വകയിരുത്തേണ്ടതാണെന്ന് മേൽ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. മേൽ പരാമർശിച്ച ചെലവുകൾ ആവർത്തന സ്വഭാവമുള്ള ഇനത്തിലാണ് വരുന്നത് എന്നതിനാൽ ആയത് തനത്ഫണ്ട് ഉപയോഗിച്ചാണ് നടപ്പിലാക്കേണ്ടിയിരുന്നത്. എന്നാൽ വികസന ഫണ്ട് ഉപയോഗിച്ചാണ് ആയത് നടപ്പിലാക്കിയിട്ടുള്ളത്.

മേൽപ്പറഞ്ഞ സ്ഥാപനം പഞ്ചായത്തിൽ നിന്നും കൊണ്ടുപോയ 227.17 $M^3$ അജൈവ മാലിന്യം റീസൈക്ലിങ് യൂണിറ്റിൽ എത്തിച്ചതിന്റെ യാതൊരു രേഖയും ഫയലിൽ ലഭ്യമല്ല. ആയതിനാൽ ഈ മാലിന്യങ്ങൾ പഞ്ചായത്തിൽ നിന്നും കൊണ്ടുപോയി മറ്റെവിടെയെങ്കിലും തള്ളാനുള്ള സാധ്യതയും ഉണ്ട്.

കണ്ണൂർ ജില്ലയിൽ ചെളിയോട് ഗ്രാമപഞ്ചായത്തിൽ ഏകദേശം 20 ലക്ഷം രൂപ മുടക്കി പ്ലാസ്റ്റിക് റീസൈക്ലിംഗ് യൂണിറ്റ് (കെട്ടിടം, വാഹനം എന്നിവ ഉൾപ്പെടെ) സ്ഥാപിച്ചിട്ടുണ്ട്. ഇവിടെ നിന്നും വൈദ്യുതീകരണത്തിന് ആവശ്യമായ പൈപ്പ്, ജംഗ്ഷൻ ബോക്സ്, റബ്ബർപാൽ ശേഖരിക്കുന്നതിനുള്ള ചിരട്ട, പാക്കിംഗിന് ഉപയോഗിക്കുന്ന കയർ എന്നിങ്ങനെ പലവിധ സാധനങ്ങൾ നിർമ്മിക്കുന്നു. യാതൊരുവിധ മലിനീകരണവും ഇല്ലാത്തതാണ് ഈ റീസൈക്ലിംഗ് യൂണിറ്റ്. ഇത്തരമൊരു യൂണിറ്റ് സ്ഥാപിച്ചാൽ പഞ്ചായത്തിലും സമീപ പഞ്ചായത്തിലും ഉള്ള അജൈവ മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യാൻ കഴിയുന്നതാണ്. ഇത്തരം പദ്ധതികളെപ്പറ്റി ആരായാതെ ആവർത്തന രീതിയിലുള്ള മേൽ പദ്ധതി നടത്തിയതു പാഴ്ചെലവായി കാണുന്നു. മാത്രമല്ല പഞ്ചായത്തിലും സമീപ പഞ്ചായത്തിലും പ്ലാസ്റ്റിക് നിരോധനം കർശനമായി നടപ്പിലാക്കിയിട്ടില്ല എന്നതും ശ്രദ്ധേയമാണ്.

## 3-7 സ്ട്രീറ്റ് ലൈറ്റ് റിപ്പയർ - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

പ്രൊജക്ട് :സ്ട്രീറ്റ് ലൈറ്റ് റിപ്പയർ

പ്രൊജക്ട് നമ്പർ :S037/17

നിർവ്വഹണം : സെക്രട്ടറി

ഫണ്ട് : വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ് (റോഡിതരം)

മേൽ പ്രൊജക്ടിൽ 2016-17 വർഷത്തിൽ ചെലവഴിച്ച തുകകളുടെ വിശദ വിവരം ചുവടെ ചേർക്കുന്നു (അംഗീകൃത കോൺട്രാക്ടർ :ശ്രീ.കെ.പി. മുഹമ്മദ് അബ്ദുൾ റഷീദ്)

| തുക | വൗച്ചർ നമ്പർ/തീയതി | ഫണ്ട് |
|---|---|---|
| 1,50,000 | 21601010/31-3-17 | MG(NR) |
| 30,320 | 21601007/31-3-17 | Plan(Gl) |

ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ, മേൽ പരാമർശിച്ച പ്രകാരം നൽകിയ 1,50,000 രൂപ റിപ്പയർ ഇനത്തിലും 30,320 രൂപ ഫിറ്റിംഗ് ചാർജ് ഇനത്തിലുമാണ് നൽകിയിട്ടുള്ളതെന്ന് കാണുന്നു. റിപ്പയർ പ്രവൃത്തിക്കായി കരാർ ഏറ്റെടുത്ത വ്യക്തിക്ക് ഫിറ്റിംഗ് ചാർജ് നൽകാനിടയായതിന് കാരണം അന്വേഷിച്ചതിൽ, "തെരുവ് വിളക്ക് സ്ഥാപിക്കൽ" എന്ന പ്രൊജക്ട് (Pr.NoSO75/17) പ്രകാരം ക്രൂസിൽ നിന്നും തൻ വർഷത്തിൽ വാങ്ങിയ 170( 2x11 W) CFL ബൾബുകൾ ഫിറ്റ് ചെയ്യണമെങ്കിൽ സ്ട്രീറ്റ് മെയിൻ

സ്ഥാപിക്കേണ്ടതാണെന്ന് KSEB അറിയിച്ചിട്ടുണ്ടെങ്കിലും വൻ തുക ചെലവഴിച്ച് ആയത് സ്ഥാപിക്കാൻ പഞ്ചായത്തിന് കഴിയാത്ത സാഹചര്യത്തിൽ ടി ബൾബുകൾ റിപ്പയർ പ്രവൃത്തിക്ക് കരാർ ഏറ്റെടുത്ത വ്യക്തിയെക്കൊണ്ട് സ്ഥാപിക്കുകയാണ് ചെയ്തതെന്ന് വ്യക്തമായി. (പഞ്ചായത്ത് തീരുമാനം നമ്പർ/തീയതി: 2/3-8-16).

KSEBയുടെ അധീനതയിലുള്ള വൈദ്യുത പോസ്റ്റുകളിൽ ഏതൊരു പ്രവൃത്തിയും KSEBയുടെ അനുമതിയോടെ മാത്രമേ നടത്താവൂ. Street main സ്ഥാപിക്കാതെ പുതിയ വിളക്കുകൾ ഫിറ്റ് ചെയ്യാൻ KSEB അനുമതി നൽകാൻ തയ്യാറാകാത്ത സാഹചര്യത്തിൽ ക്രൂസിൽ നിന്നും തൻവർഷം വാങ്ങിയ 170 CFL ബൾബുകൾ ഉപയോഗ ശൂന്യമാകാതിരിക്കാൻ റിപ്പയറിന് കരാർ ഏറ്റെടുത്ത വ്യക്തിയെക്കൊണ്ട് അവ ഫിറ്റ് ചെയ്യിക്കുകയാണ് ചെയ്തിട്ടുള്ളത്. പുതിയ വിളക്കുകൾ സ്ഥാപിക്കാൻ പ്രൊജക്ട് തയ്യാറാക്കുമ്പോൾ അതിനുള്ള ഭൗതിക സാഹചര്യം കൂടി പരിഗണിക്കാതിരുന്നതിനാലാണ് ഇത്തരം ഒരു അവസ്ഥ സംജാതമായിട്ടുള്ളതെന്ന് കാണാവുന്നതാണ്.

ജനങ്ങളെ സംബന്ധിച്ച് വളരെയധികം പ്രാധാന്യം അർഹിക്കുന്ന തെരുവ് വിളക്കുകൾ സ്ഥാപിക്കൽ, റിപ്പയർ പോലെയുള്ള പ്രവൃത്തികളിൽ നിലവിലുള്ള അവസ്ഥ വ്യക്തമായി പഠിച്ച ശേഷം മാത്രമേ പദ്ധതികൾ ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്യാവൂ. തുടർന്നുള്ള വർഷങ്ങളിൽ ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-8 <u>ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകിയത് - ന്യൂനതകൾ സംബന്ധിച്ച്.</u>

പ്രൊജക്ട് നം : 49/17

അടങ്കൽ : 700000.00 പ്ലാൻ (ജനറൽ)

ചെലവ് : 700000.00

ബിൽ നം. 1/25.2.17

നിർവ്വഹണം : ഹെഡ്മാസ്റ്റർ

ഈ പ്രൊജക്ടു പ്രകാരം സ്കോളർഷിപ്പ് കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കളെ സംബന്ധിച്ച് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര്, നൽകിയ സ്കോളർഷിപ്പ്. | അപാകത | അഭിപ്രായം |
|---|---|---|---|
| 24 | ആദർശ്.കെ.കെ<br>s/o സുരേഷ് ബാബു.കെ.കെ<br>കാലിക്കറ്റ് യൂണിവേഴ്സിറ്റി ക്വാട്ടേഴ്സ് നം.എച്ച്.40.എ<br>5400.00 രൂപ | കണ്ണൂർ ജില്ലയിലെ പൂനൂരിൽ മൊകേരിഎന്ന സ്ഥലത്താണ് യഥാർത്ഥ വീട്. പ്രസ്തുത പ്രദേശത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ഇതേ ആനുകൂല്യം കൈപ്പറ്റിയിട്ടില്ല എന്നതിനുള്ള സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നൽകിയ 15.10.16 ലെ 1/6285/2016 നമ്പർ റസിഡൻഷ്യൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് സ്കോളർഷിപ്പ് നൽകിയത്. |

| | | | |
|---|---|---|---|
| 26 | നസ്രത്ത് മുന്ന<br>d/o അബ്ദുൾ കരീം.<br>വീട്.നം.279, വാർഡ്.8<br>12000.00 രൂപ | കോഴിക്കോട് താലൂക്കിൽ നഗരം വില്ലേജിലെ ചോപ്പയിലാണ് യഥാർത്ഥ വീട്. പ്രസ്തുത പ്രദേശത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ഇതേ ആനുകൂല്യം കൈപ്പറ്റിയിട്ടില്ല എന്നതിനുള്ള സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നൽകിയ 7.8.15 ലെ ജെ1/5382/15 നമ്പർ റസിഡൻഷ്യൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് സ്കോളർഷിപ്പ് നൽകിയത്. |

അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്. ചെലവ് തുക 17,400.00രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

## 3-9 സ്കൂളുകൾക്ക് ഷീ പാഡ് നൽകൽ - അപാകതകൾ സംബന്ധിച്ച്

പ്രൊജക്ട് നം : 150/17

അടങ്കൽ : 300000.00 പ്ലാൻ (ജനറൽ)

200000.00 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

500000.00

200000 (എസ്.എഫ്.സി)

ചെലവ് : 200000.00

ബിൽ നം.2/25.2.17

നിർവ്വഹണം : ഹെഡ്മാസ്റ്റർ

സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ ലഭ്യമാക്കിയ യൂണിറ്റ് കോസ്റ്റിന്റെ അടിസ്ഥാനത്തിൽ താഴെ പറയും പ്രകാരം 4 ലക്ഷം രൂപയുടെ അടങ്കൽ തയ്യാറാക്കി 2 ലക്ഷം രൂപ പ്രൊജക്ട് നിർവ്വഹണത്തിനായി മേല്പറഞ്ഞ ബിൽ പ്രകാരം പ്രസ്തുത സ്ഥാപനത്തിന് നൽകിയിട്ടുണ്ട്.

| ഇനം | യൂണിറ്റ് നിരക്ക് | ആവശ്യമായ എണ്ണം | ആകെ തുക |
|---|---|---|---|
| പാഡ് (1 പാക്ക്. 8 എണ്ണം) | 33.50 | 3219 | 107830.00 |
| ഇൻസിനറേറ്റർ .1 | 40242.00 | 5 | 201210.00 |
| അലമാര.1 | 18192.00 | 5 | 90960.00 |

| | | | |
|---|---|---|---|
| | | | |
| ആകെ | | | 400000.00 |

മേൽപ്പറഞ്ഞ പ്രകാരം തുക മുൻകൂർ നൽകിയതിന്റെ രേഖകൾ അല്ലാതെ, എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് പരിഗണിച്ച ആവശ്യകത നിർണ്ണയിച്ചതിന്റെയും, പ്രൊജക്ട് നിർവ്വഹിച്ചതിന്റെയും രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. പ്രൊജക്ട് നിർവ്വഹണം സംബന്ധിച്ച വിശദ വിവരങ്ങൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. അതുവരെ ചെലവ് തുക 200000.00 രൂപ തടസ്സം ചെയ്യുന്നു. ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.13/6.7.17 ന് മറുപടി നൽകിയിട്ടില്ല.

## 3-10 പത്താം ക്ലാസ് തുല്ല്യത – പ്രൊജക്ട് നിർവ്വഹണത്തിലെ ന്യൂനതകൾ

പ്രൊജക്ട് നം : 51/17

അടങ്കൽ : 70000.00 എം.ജി (റോഡിതരം)

35000.00 ഉ.വി

ചെലവ് : 52000.00 എം.ജി (റോഡിതരം)

ബിൽ നം.5/28.3.17

31200.00 ഉ.വി

ചെക്ക് നം.1614462/17.3.17

നിർവ്വഹണം : ഹെഡ്മാസ്റ്റർ

52 ഗുണഭോക്താക്കൾക്ക് പത്താം തരം തുല്ല്യതാ പരീക്ഷ എഴുതുന്നതിനു വേണ്ടി മേൽപ്പറഞ്ഞ വിധം ആകെ 83200.00 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച രേഖകൾ പരിശോധിച്ചപ്പോൾ താഴെ പറയുന്ന അപാകതകൾ കണ്ടു.

1) ബിൽ നം.5/28.3.17 പ്രകാരം പിൻവലിച്ച 52000.00 രൂപ സംസ്ഥാന സാക്ഷരതാ മിഷൻ ഡയറക്ടറുടെ പേരിലുള്ള അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്നതിന് ട്രഷറിയ്ക്ക് നിർദ്ദേശം നൽകിയതിന്റെ രേഖ ഫയലിൽ ഉണ്ട്. എന്നാൽ ഈ തുകക്ക് കൈപ്പറ്റ് രസീത് ലഭിച്ചിട്ടില്ല. അതുപോലെ ചെക്ക് നം.1614462/17.3.17 പ്രകാരം പിൻവലിച്ച തുക സാക്ഷരതാ മിഷൻ ഡയറക്ടർക്ക് നൽകിയതിന്റെ രേഖയും, തുക കൈപ്പറ്റിയതിന്റെ രസീതും ഫയലിൽ ഇല്ല.

2) 52 ഗുണഭോക്താക്കളുടെ പട്ടിക വൗച്ചറിനൊപ്പം ഹാജരാക്കിയിട്ടുണ്ട്. എന്നാൽ ഈ ഗുണഭോക്താക്കളുടെ അർഹത വ്യക്തമാക്കുന്ന രേഖകൾ ഒന്നും ഹാജരാക്കിയിട്ടില്ല.

3) ഗുണഭോക്താക്കൾ പരീക്ഷ എഴുതിയതിന്റെ വിവരം വ്യക്തമാക്കുന്ന രേഖകൾ, 83200.00 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ഇല്ല.

## 3-11 ഗൃഹ നിർമ്മാണ ധന സഹായ ഗഡുക്കൾ അനുവദിക്കുന്നതിൽ വൻ കാലതാമസം വന്നു.

പ്രൊജക്ട് നമ്പർ 128/17 ലെ ചില ഗുണഭോക്താക്കൾക്ക് അർഹമായ സമയത്ത് ധനസഹായം അനുവദിക്കുന്നതിൽ വീഴ്ച്ച വന്നിട്ടുണ്ട്. ആയതിന്റെ വിശദ വിവരം താഴെ പറയുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | സ്റ്റേജ് സർട്ടിഫിക്കറ്റ് പ്രകാരം ധനസഹായത്തിന് | ധന സഹായം അനുവദിച്ചത് | അഭിപ്രായം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | അർഹമായ തീയ്യതി | | |
| 1 | ശോഭ w/o ബാബുരാജൻ | 10.3.16 (പ്രവൃത്തി പൂർത്തിയാക്കി) | ബിൽ നം.2/26.9.16 | പേജ്.നം.19 ഗു.രജിസ്റ്റർ |
| 2 | താഹിറ, കോതറാടി | 28.3.16 (ടി) | -ടി- | -ടി- 40 |
| 3 | മിനിമോൾ.കെ.ജി | 18.1.16 (ടി) | ചെക്ക് നം. 1614465/ 25.3.17 | -ടി- 49 |

സാമ്പത്തികമായി പിന്നോക്കം നൽകുന്ന ഗുണഭോക്താക്കൾക്ക് അർഹമായ സമയത്ത് ധനസഹായം ലഭ്യമാക്കുന്നതിൽ വീഴ്ച്ച വന്നതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

## 3-12 ഗൃഹനിർമ്മാണ പ്രൊജക്റ്റുകൾ പൂർത്തിയാക്കാൻ അവശേഷിക്കുന്നു.

വി.ഇ.ഒ നിർവ്വഹണം നടത്തിയ 2014-15 മുതൽക്കുള്ള ഗൃഹനിർമ്മാണ പ്രൊജക്റ്റുകൾ പൂർത്തിയാക്കാൻ അവശേഷിക്കുന്നതായി വി.ഇ.ഒ സൂക്ഷിച്ചു വരുന്ന ഗൃഹനിർമ്മാണ ധനസഹായ വിതരണ രജിസ്റ്റർ പരിശോധിച്ചപ്പോൾ കണ്ടു. ആയതിന്റെ വിശദ വിവരങ്ങൾ താഴെ പറയുന്നു.

പ്രൊജക്റ്റ് നമ്പർ : 128/2017 (മുൻ വർഷങ്ങളിലെ പ്രൊജക്റ്റ് നമ്പറുകൾ : 93/15, 75/16)

ബെനഫിഷറി രജിസ്റ്റർ പ്രകാരം നൂറ് ഗുണഭോക്താക്കളാണ് ഈ പ്രൊജക്റ്റിൽ ഉള്ളത്. ഇതിൽ 80 പേർ ഭവന നിർമ്മാണം പൂർത്തിയാക്കി 2 ലക്ഷം രൂപയും, 15 പേർ മേൽക്കൂരയുടെ പ്രവൃത്തി പൂർത്തിയാക്കി 1.5 ലക്ഷം രൂപയും, രണ്ട് പേർ ചുമർ ഉയരം തീർത്ത് 1 ലക്ഷം രൂപയും, രണ്ട് പേർ തറയുടെ പണി പൂർത്തിയാക്കി 0.5 ലക്ഷം രൂപയും കൈപ്പറ്റിയിട്ടുണ്ട്. ഒരു ഗുണഭോക്താവിന് തുക ഒന്നും നൽകിയിട്ടില്ല. ഇത് സംബന്ധിച്ച് താഴെ പറയുന്ന കാര്യങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1) ബെനഫിഷറി രജിസ്റ്റർ ക്രമ നമ്പർ 43 ആയ ശ്രീമതി. ഷീജ, ചീനിക്കനാരി എന്ന ഗുണഭോക്താവ് 23.12.14, 18.4.15, 28.12.15 തീയ്യതികളിലായി 50000.00 രൂപ വീതം ആകെ 1.5 ലക്ഷം രൂപ കൈപ്പറ്റിയിട്ടുണ്ട്. മുഴുവൻ തുകയും കൈപ്പറ്റുന്നതിന് മുമ്പ് വീടിന് ഒരു നില കൂടി പണിത് അനുവദനീയമായ വിസ്തീർണ്ണം അധികരിച്ചതിനാൽ ധനസഹായം പിന്നീട് നൽകിയിട്ടില്ല എന്ന് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ ഗുണഭോക്താവിനെ സംബന്ധിച്ച് 28.12.15 ന് ശേഷം സ്വീകരിച്ച തുടർ നടപടികൾ വ്യക്തമാക്കേണ്ടതാണ്.

2) ശ്രീമതി.ഷിജി, മുമ്മിൽ കേളനാരി, ഇന്ദിര, കിഴക്കെ പുറക്കൽ (ബെനഫിഷറി രജിസ്റ്റർ ക്രമനമ്പർ യഥാക്രമം 78, 90) എന്നിവർ യഥാക്രമം 1.7.15, 28.12.15 തീയ്യതികളിൽ 50000.00 രൂപയാണ് നാളിതുവരെ കൈപ്പറ്റിയിട്ടുള്ളത്. അതുപോലെ ക്രമനമ്പർ 44 ആയ ശ്രീമതി അജിത w/o ഹരിഹരൻ, ക്രമനമ്പർ 58 ആയ സൈഫുന്നീസ പാലക്കൽ പിള്ളാട്ട് എന്നീ ഗുണഭോക്താക്കൾ 30.3.17വരെ 1 ലക്ഷം രൂപ മാത്രമാണ് കൈപ്പറ്റിയിട്ടുള്ളത്. ഈ ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തിയാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കേണ്ടതാണ്.

പ്രൊജക്ട് നമ്പർ 126/17 ( മുൻ പ്രൊജക്ട് നമ്പർ 48/16 2015-16)

ആകെ പത്ത് ഗുണഭോക്താക്കളാണ് ഈ പ്രൊജക്ടിൽ ഉള്ളത്. ഇതിൽ ഏഴ് പേർ പ്രവൃത്തി പൂർത്തിയാക്കി 2 ലക്ഷം രൂപയും കൈപ്പറ്റിയിട്ടുണ്ട്. അവശേഷിക്കുന്ന മൂന്ന് പേരിൽ ഒരാൾ മേൽക്കൂരയുടെ പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ട്. എന്നാൽ റീബ കൊടിയൻ w/o സുരേഷ് കുമാർ, രജിത.പി, മേപ്പിനാലിൽ എന്നീ ഗുണഭോക്താക്കൾ നാളിതുവരെ ചുമരിന്റെ ഉയരം പൂർത്തിയാക്കി 1 ലക്ഷം രൂപ മാത്രമാണ് കൈപ്പറ്റിയിട്ടുള്ളത്. പ്രസ്തുത ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തിയാക്കാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കേണ്ടതാണ്.

## 3-13 മരുന്ന് ലഭ്യമാക്കിയില്ല

നിർവ്വഹണം :മെഡിക്കൽ ഓഫീസർ ആയുർവേദ

ചെലവഴിച്ചതുക : 3,70,000 രൂപ

ബിൽ നമ്പർ:1/16-17 തിയതി.24-11-16(2,00,000)

2/16-17 തിയതി.29-3-17(1,70,000)

മെഡിക്കൽ ഓഫീസർ ആയുർവേദ നിർവ്വഹണം നടത്തിയ ആയുർവേദ ഡിസ്പൻസറിയിലേക്ക് മരുന്ന് വാങ്ങൽ (So110/17) പദ്ധതി പ്രകാരം വികസന ഫണ്ടിൽ നിന്നും 1,70,000 രൂപയും മെയിന്റനൻസ് (റോഡിതരം) ഫണ്ടിൽ നിന്നും 200000 രൂപയും ഔഷധിക്ക് നൽകിയിട്ടുണ്ട്. എന്നാൽ 222066 രൂപക്കുള്ള മരുന്ന് മാത്രമാണ് നാളിതുവരെ ലഭ്യമാക്കിയിട്ടുള്ളത്. 147,934 രൂപയുടെ മരുന്ന് ഇനിയും ലഭ്യമാക്കിയിട്ടില്ല. പണം കൈപ്പറ്റി 2 മാസത്തിനുള്ളിൽ മരുന്ന് ലഭ്യമാക്കാമെന്ന് ഔഷധിയുമായി കരാർ ചമച്ചിച്ചുണ്ടെങ്കിലും ആയത് പാലിച്ചിട്ടില്ല. മരുന്ന് ലഭ്യമാക്കുന്നതുവരെ ചെലവു തുക 1,47,934/- രൂപ തടസ്സം ചെയ്യുന്നു.

## 3-14 വാങ്ങിയതിലും അധികം ബിറ്റുമിൻ ഉപയോഗിച്ചത് സംബന്ധിച്ച്.

ഓരോ പ്രൊജക്ടുകൾക്കും വേണ്ട ബിറ്റുമിന്റെ അളവ് കണക്കാക്കി ബിറ്റുമിൻ വാങ്ങുന്നതിനുള്ള തുക പ്രൊജക്ടുകളുടെ കൺവീനർമാരിൽ നിന്നും മുൻകൂർ വാങ്ങി, ഗ്രാമ പഞ്ചായത്ത് എഞ്ചിനീയറുടെ പേരിൽ പണമടച്ചാണ് തൻവർഷം പ്രൊജക്ടുകൾക്കാവശ്യമായ ബിറ്റുമിൻ വാങ്ങിയിട്ടുള്ളത്. താഴെ വിശദമാക്കിയ പ്രകാരം, 4363 കി.ഗ്രാം SS1, 5642 കി.ഗ്രാം RS, 59964 കി.ഗ്രാം VG.30 ബിറ്റുമിനാണ് ഇപ്രകാരം വാങ്ങിയത്.

| ക്രമ നം. | ഇൻവോയ്സ് നം. | ബിറ്റുമിൻ തരം | തൂക്കം | വില |
|---|---|---|---|---|
| 1 | COK/275/20.3.17 | SS1 | 24 ബാരൽ<br>4.363 ടൺ | 289047.00 |
| 2 | 6300089722/3.3.17 | RS1 | 31 ബാരൽ<br>5.642 ടൺ | 211694.00 |
| 3 | 6300094164/15.3.17 | VG.30 | 24 ബാരൽ<br>3.744 ടൺ | 131382.00 |

| | | | | |
|---|---|---|---|---|
| 4 | 6300092867/11.3.17 | VG30 | 100 ബാരൽ<br>15.60 ടൺ | 547424.00 |
| 5 | 6300091530/8.3.17 | VG30 | 100 ബാരൽ<br>15.60 ടൺ | 547424.00 |
| 6 | 6300090396/6.3.17 | VG30 | 100 ബാരൽ<br>15.60 ടൺ | 547424.00 |
| 7 | 6300090396/6.3.17 | Vg30 | 30 ബാരൽ<br>9.360 ടൺ | 328454.00 |

എന്നാൽ വിവധ പ്രൊജക്ടുകൾക്ക് ആകെ ഉപയോഗിച്ച ബിറ്റുമിന്റെ കണക്ക് പരിശോധിച്ചപ്പോൾ, വാങ്ങിയതിലും അധികം ബിറ്റുമിൻ മൊത്തം ഉപയോഗിച്ചതായി കണ്ടു. അതിന്റെ വിശദാംശങ്ങൾ താഴെ പറയുന്നു.

| ക്രമ നമ്പർ | പ്രൊജക്ട് നമ്പർ | എം.ബുക്ക് നമ്പർ | ഉപയോഗിച്ച ബിറ്റുമിൻ (കി.ഗ്രാം) | | |
|---|---|---|---|---|---|
| | | | VG30 | SS1 | RS1 |
| 1 | 154/17 | 35/16-17 | 1653.58 | 205.75 | 161.47 |
| 2 | 20/17 | 11/16-17 | 2721.03 | 153.29 | 263.35 |
| 3 | 28/17 | 42/16-17 | 265.44 | 106.93 | 34.60 |
| 4 | 9/17 | 14/16-17 | 4246.17 | 201.34 | 392.62 |
| 5 | 12/17 | 36/16-17 | 1021.54 | 131.18 | 101.61 |
| 6 | 62/17 | 43/16-17 | 120.99 | 48.74 | 15.77 |

| | | | | | |
|---|---|---|---|---|---|
| 7 | 7/17 | 26/16-17 | 982.35 | - | 82.31 |
| 8 | 165/17 | 49,50/16-17 | 928.93 | 374.21 | 121.07 |
| 9 | 13/17 | 39/16-17 | 3673.85 | 153.00 | 330.03 |
| 10 | 84/17 | 46/16-17 | 1623.98 | 200.93 | 164.67 |
| 11 | 9/17 | - | 3499.50 | 196.87 | 329.95 |
| 12 | 17/17 | 38/16-17 | 1650.45 | 91.43 | 162.82 |
| 13 | 10/17 | 27/16-17 | 855.74 | 108.04 | 87.98 |
| 14 | 169/17 | 51/16-17 | 906.03 | 364.99 | 118.09 |
| 15 | 64/17 | 54,55/16-17 | 226.40 | 91.21 | 29.51 |
| 16 | 27/17 | 52/16-17 | 4161.56 | 212.51 | 384.34 |
| 17 | 19/17 | 20,23/16-17 | 3902.89 | - | 322.70 |
| 18 | 18/17 | 28,45/16-17 | 2142.49 | 132.19 | 200.70 |
| 19 | 176/17 | 56/16-17 | 1566.91 | 160.64 | 148.08 |
| 20 | 85/17 | 10/16-17 | 3456.06 | - | 297.47 |
| 21 | 31/17 | 15/16-17 | 598.00 | 90.61 | 65.67 |
| 22 | 170/17 | 44/16-17 | 839.78 | 338.30 | 109.45 |
| 23 | 23/17 | 8/16-17 | 2430.39 | - | 194.50 |
| 24 | 21/17 | 47/16-17 | 4380.31 | 169.43 | 405.86 |
| 24 | 11/17 | 22/16-17 | 718.36 | - | 62.57 |
| 26 | 8/17 | 35/16-17 | 657.70 | 153.29 | 118.98 |

| | | | | | |
|---|---|---|---|---|---|
| 27 | 30/17 | 3/16-17 | 657.70 | - | 52.80 |
| 28 | 32/17 | 41/16-17 | 2466.82 | 245.65 | 235.02 |
| 29 | 22/17 | 24/16-17 | 2476.19 | - | 213.58 |
| 30 | 16/17 | 9/16-17 | 1023.67 | 142.92 | 83.23 |
| 31 | 107/17 | 18,31/16-17 | 2587.58 | 155.17 | 240.64 |
| 32 | 24/17 | 19/16-17 | 1253.98 | 153.10 | 123.55 |
| 33 | 175/17 | 53/16-17 | 2033.38 | 208.49 | 204.27 |
| ആകെ | | | 62235.30 | 4590.21 | 5859.26 |

| | VG30 | SS1 | RS1 |
|---|---|---|---|
| വാങ്ങിയത് | 59964 .00 | 4363 .00 | 5642.00 |
| ഉപയോഗിച്ചത് | 62235.30 | 4590.21 | 5859.26 |
| വ്യത്യാസം | 2271.30 | 227.21 | 217.26 |

വാങ്ങിയതിലും അധികം ബിറ്റുമിൻ ഉപയോഗിച്ച് പ്രവൃത്തി നടത്തിയത് എപ്രകാരമാണെന്ന് വിശദീകരിക്കാൻ ആവശ്യപ്പെട്ടതിൽ, ജില്ലാ പഞ്ചായത്തിന്റ പ്രൊജക്ടുകൾ കരാറെടുക്കുന്ന ഒരു കരാറുകാരനിൽ നിന്നും ബാക്കി ബിറ്റുമിൻ ജില്ലാ പഞ്ചായത്തിന്റെ കരാറുകാരനായ ശ്രീ.എ.കെ. ബാബു പി.ഡബ്ല്യൂ.ഡി കോൺട്രാക്ടർ ഇൻവോയ്സ് നമ്പർ 159729/3-5-2016 പ്രകാരം വാങ്ങിയ 60 ബാരലിൽ നിന്നും പ്രൊജക്ട് നമ്പർ 62/14, 64/17എന്നിവക്ക് ആവശ്യമായ 15 ബാരൽ ബിറ്റുമിൻ കടമായി ലഭ്യമാക്കിയതാണെന്ന് അറിയിക്കുകയും ഒറിജിനൽ ഇൻവോയ്സ് ഹാജരാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇൻവോയ്സിൽ ഇക്കാര്യം എ.ഇ. സാക്ഷ്യപ്പെടുത്തിയിട്ടില്ല. മാത്രമല്ല മേൽപ്പറഞ്ഞ ഇൻവോയ്സ് പ്രകാരം വാങ്ങിയ ബിറ്റുമിൻ ഈ പ്രൊജക്ട് നിർവ്വഹണ സമയത്ത് നീക്കിയിരിപ്പുണ്ടായിരുന്നോ എന്നത് സംബന്ധിച്ച വ്യക്തതയില്ല. ആയതിനാൽ എഞ്ചിനീയർ പറഞ്ഞ വിധം യഥാർത്ഥത്തിൽ ബിറ്റുമിൻ ലഭ്യമാക്കിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്താനും, തൻവർഷം ബിറ്റുമിൻ ഉപയോഗിച്ച് നടത്തിയ എല്ലാ പ്രൊജക്ടുകളും സമഗ്രമായ പരിശോധനക്ക് വിധേയമാക്കാനും, വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 550000 | കുടിവെള്ള പദ്ധതി | 550000 | ഇല്ല |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ജല വകുപ്പ് | ചിലവിൽ കുടിവെള്ള പദ്ധതി | 21600852 | 70000 | - | 70000 |
| ജല വകുപ്പ് | വിളക്കത്രുമാട് മണ്ണിൽത്തൊടി വാട്ടർലൈൻ എക്സ്റ്റൻഷൻ | 21600855 | 70000 | - | 70000 |
| ജല വകുപ്പ് | മേട്ടുനാലിൽ-ചേലാട്ട് വാട്ടർലൈൻ എക്സ്റ്റൻഷൻ | 21600851 | 70000 | - | 70000 |
| ജല വകുപ്പ് | അനുഗ്രഹം-കൊല്ലേരി വാട്ടർലൈൻ എക്സ്റ്റൻഷൻ | 21600853 | 70000 | - | 70000 |
| ജല വകുപ്പ് | വില്ലനിയാൽ -കല്ലുവളപ്പ് വാട്ടർലൈൻ എക്സ്റ്റൻഷൻ | 21600856 | 140000 | - | 140000 |
| ജല വകുപ്പ് | ചെനക്കലങ്ങാടി-ചീനക്കനാരി വാട്ടർലൈൻ | 21600854 | 150000 | - | 150000 |

| | | | | | |
|---|---|---|---|---|---|
| | എക്സ്റ്റൻഷൻ | | | | |
| ജല വകുപ്പ് | കന്യാവിൽ -കരിങ്ങാംകുളം വാട്ടർലൈൻ എക്സ്റ്റൻഷൻ | 21600998 | 50000 | - | 50000 |
| ജല വകുപ്പ് | ആലുങ്ങൽ പുല്ലുകുത്ത് വാട്ടർലൈൻ എക്സ്റ്റൻഷൻ | 21600826 | 500000 | - | 500000 |
| ജല വകുപ്പ് | പള്ളിപ്പടി-മലയിൽ വാട്ടർലൈൻ എക്സ്റ്റൻഷൻ | 21601002 | 250000 | - | 250000 |
| ജല വകുപ്പ് | ചാലിയിൽ എസ് .സി. കോളനി വാട്ടർലൈൻ എക്സ്റ്റൻഷൻ | 21600787 | 550000 | - | 550000 |
| ജല വകുപ്പ് | ചാപ്പപ്പാറ-മിച്ചഭൂമി വാട്ടർലൈൻ എക്സ്റ്റൻഷൻ | 21600786 | 900000 | - | 900000 |
| ജല വകുപ്പ് | ചാലിയിൽ എസ് .സി. കോളനി വാട്ടർലൈൻ എക്സ്റ്റൻഷൻ | 21600961 | 550000 | - | 550000 |
| ജല വകുപ്പ് | പള്ളിപ്പടി-മലയിൽ വാട്ടർലൈൻ എക്സ്റ്റൻഷൻ | 21600997 | 50000 | - | 50000 |
| ജല വകുപ്പ് | മുക്കുട് കൊളയംവീട് വാട്ടർലൈൻ | 21601001 | 550000 | - | 550000 |

| | | | | | |
|---|---|---|---|---|---|
| | എക്സ്റ്റൻഷൻ | | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് റിക്കവറിയിനത്തിൽ വാർഷിക ധനകാര്യ പത്രിക പ്രകാരം 6,200 രൂപ വരവുണ്ട്. എന്നാൽ ഓഡിറ്റ് റിക്കവറി രജിസ്റ്റർ പ്രകാരം 10,750 രൂപ വരവുണ്ട്. വ്യത്യാസം ക്രമീകരിക്കേണ്ടതാണ്.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2011-12,12-13 | 2(2) | 5750.00 | ഫിനാൻസ് ഓഫീസർ കാലിക്കറ്റ് യൂണിവേഴ്സിറ്റി | 11603500006/02-07-2016 |
| 2013-14,14-15 | 3(1) | 5000.00 | എം.ഐ.ഇ.ഡി.മലപ്പുറം | 11603400019/30-11-2016 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 38 | 2004-05 | പൊതുപരാമർശം | കൊയ്ത്തുമെതിയന്ത്രം-പദ്ധതി ലക്ഷ്യം നേടിയില്ല | നടപടി തുടരുന്നു |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 5,13,80,491 രൂപ |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 4,94,01,381 രൂപ |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | 9114 രൂപ |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 8354 രൂപ |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 47,87,931 രൂപ |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2 | 3264(2093+1171) | | ശ്രീമതി.സൽമാബീവി, സെക്രട്ടറി-(2182)<br>ശ്രീമതി.ബിസിലി<br>ബിന്ദു, (സെക്രട്ടറി ഇൻചാർജ്)-(506)<br>ശ്രീ.സാമുവൽ.പിസി സെക്രട്ടറി-(510)<br>ശ്രീമതി.ഗീത.വി.എസ്-(66) |
| 2-3(1) | 5850 | | ശ്രീമതി.സൽമാബീവി, സെക്രട്ടറി-(1650)<br>ശ്രീ.സാമുവൽ.പി.സി സെക്രട്ടറി-(4200) |
| 3-1 | | 8354 | ശ്രീ.നന്ദകുമാർ, അസി. എൻജിനീയർ |
| ആകെ | 9114രൂപ | 8354 രൂപ | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 39,64,597 | ശ്രിമതി. സൽമാ ബീവി.സെക്രട്ടറി (3,94,597).<br>ശ്രീ.സാമുവൽ.പിസി സെക്രട്ടറി(15,50,000).<br>ശ്രീമതി.ഗീത.വി.എസ്(20,20,000) |
| 3-4 | 108000 | ഡോ.സരിത.വി. മെഡി.ഓഫീസർ PHC |
| 3-5 | 3,50,000 | ഡോ.ഈസ്സ അരീക്കാടൻ |
| 3-8 | 17,400 | ശ്രീമതി.ഉഷാദേവി.ഹെഡ് മിസ്ട്രസ് |
| 3-9 | 200000 | ശ്രീമതി.ഉഷാദേവി.ഹെഡ് മിസ്ട്രസ് |
| 3-13 | 1,47,934 | ഡോ.സൈറാബായി. കെ.ജെ |

ആകെ = 47,87,931/-

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| 3-1 | 10,758 | ശ്രീ.നന്ദകുമാർ. പി., അസി. എഞ്ചിനീയർ |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | മേൽവിലാസം | |
| ശ്രീ.നന്ദകുമാർ,<br>അസി. എൻജിനീയർ | ലഭ്യമല്ല | പൈക്കോട്ടു വീട്, അരിയല്ലൂർ (PO), പിൻ:676312 |
| ശ്രീ.സാമുവൽ.പിസി<br>സെക്രട്ടറി | ലഭ്യമല്ല | പന്താരങ്ങാടി,<br>തിരൂരങ്ങാടി.പി.ഒ,<br>മലപ്പുറം |
| ശ്രീമതി സൽമാ ബീവി,<br>സെക്രട്ടറി | തുടരുന്നു | കോട്ടത്തൊടി (H), പുളിക്കൽ (PO), മലപ്പുറം |
| ശ്രീമതി .ബിസിലി ബിന്ദു,<br>(സെക്രട്ടറി ഇൻചാർജ്) | ലഭ്യമല്ല | അഭിരാമം, പുത്തൻ പീടിക,<br>നെടുവ പി.ഒ, പരപ്പനങ്ങാടി |
| ശ്രീമതി.ഗീത.വി.എസ്<br>(സെക്രട്ടറി ഇൻചാർജ്) | ലഭ്യമല്ല | അഭിഷേകം, പേഴൂർകോണം,<br>മുക്കം പാലമോട്,പിൻ-695501 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1997-98 | എൽ.എഫ്.എം14/1736/13 (1)/21-1-14 | 09 | |
| 1998-99 | എൽ.എഫ്.എം14/1736/13 (2)/21-1-14 | 14 | |
| 1999-00 | എൽ.എഫ്.എം-14/1736/13 (3)/21-1-14 | 10 | |
| 2000-01 | എൽ.എഫ്.എം14/1736/13 (4)/21-1-14 | 13 | |
| 2001-02 | എൽ.എഫ്.എം14/1736/13 (5)/21-1-14 | 11 | |
| 2002-03 | എൽ.എഫ്.എം14/1736/13 (6)/21-1-14 | 7 | |
| 2003-04 | എൽ.എഫ്.എം14/1736/13 (7)/21-1-14 | 7 | |
| 2004-05 | എൽ.എഫ്.എം14/1736/13 (8)/21-1-14 | 5 | |
| 05-06 | എൽ.എഫ്.എം14/1736/13 (9)/21-1-14 | 9 | |
| 06-07 | എൽ.എഫ്.എം14/1736/13 (10)/21-1-14 | 13 | |
| 07-08 | എൽ.എഫ്.എം14/1736/13 (11)/21-1-14 | 12 | |

| | | | |
|---|---|---|---|
| 08-09-10-11 | എൽ.എഫ്.എം14/703/13/1-6-13 | 20 | |
| 11-12,12-13 | എൽ.എഫ്.എം14/508/2015/10-4-15 | 17 | |
| 13-14,14-15 | കെ.എസ്.എ.എം.പി.എം.14/1878/2016,28/07/16 | 14 | |
| 2015-16 | കെ.എസ്.എ.എം.പി.എം.14/3473/2016,25/01/17 | 19 | |

ഡെപ്യൂട്ടി ഡയറക്ടർ

## <u>അനുബന്ധം-1</u>

## <u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

കെ.എസ്.എ.എം.പി.എം 14/1607/2017 കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം

മലപ്പുറം
തിയതി 31-7-2017

1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4ാം വകുപ്പ് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215 ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ്ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ തേഞ്ഞിപ്പലം ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തേഞ്ഞിപ്പലം

ഗ്രാമപഞ്ചായത്തിന്റെ 2016-17 വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.

## അനുബന്ധം-2

# Audit certificate

No.KSA/MPM.14/1607/2017

Kerala State Audit Department
District Audit Office, Malappuram

Phone: 0483 -2734951

Email: dompm.ksad@kerala.gov.in

Date: 31-07-2017

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Tenhipalam Grama panchayath in Malappuram District of the year ended on 31.3.2017 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayath Raj Act 1994, the rules made there under and the guidelines issued by the Comptroller And Auditor Genaral of India for the purpose of audit of accounts of Panchayath Raj Institutions.

In my opinion, the Financial Statements of Tenhipalam Grama panchayath for the year 2016-17 except the observations in My audit report properly presents the picture of income and expenditure.

Deputy Director

District Audit Office, Malappuram